(ഇ) പ്രസ്തുത അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയലുകൾ ക്ലോസ് ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. അവയിൽ ശ്രീ. അരുൺകുമാറിന്റെയും ശ്രീ. സജിലാലിന്റെയും അപേക്ഷ നിരസിച്ച് വകുപ്പുതലവന് നൽകിയ കത്തിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.* മറ്റു രണ്ട് അപേക്ഷകളിലും മറുപടി നൽകിയിട്ടില്ല.

(എഫ്&ഐ) നിലവിൽ അപേക്ഷകളൊന്നുംതന്നെ തീർപ്പാക്കാനില്ല.

പ്രോവിഡന്റ് ഫണ്ട് വഴിയുള്ള വരുമാനം

140 (1732) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ വരുമാനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര രൂപ ചെലവ് വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) 2005 മുതൽ ഇതു വഴി ലഭ്യമായ തുകയുടെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) നടപ്പുവർഷം ഈ ഇനത്തിൽ എത്ര രൂപയാണ് സംസ്ഥാന സർക്കാർ വരുമാനമായി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ ഒടുക്കുന്ന തുക സർക്കാരിന്റെ വരുമാനമല്ല. ഇത് ജീവനക്കാരുടെ നിയമാനുസൃതമായ നിർബന്ധിത നിക്ഷേപമാണ്. അക്കൗണ്ടന്റ് ജനറൽ വർഷാവർഷം പുറപ്പെടുവിക്കുന്ന ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 2005-2006-ൽ 15,95,75,11,000 രൂപയും 2006-2007-ൽ 20,58,83,03,000 രൂപയും 2007-2008-ൽ 28,21,65,95,000 രൂപയും 2008-2009-ൽ 30,82,01,46,000 രൂപയും സംസ്ഥാന സർക്കാരിന് പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ നിക്ഷേപമുണ്ട്. 2009-2010 വർഷത്തെ കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രോവിഡന്റ് ഫണ്ടിൽ നിന്നുള്ള വിതരണത്തെ ചെലവായി കരുതാനാവില്ല. നിക്ഷേപത്തിൽ നിന്നുള്ള നിയമാനുസൃതമായ പിൻവലിക്കലാണ്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2005-2006-ൽ 9,88,85,46,000 രൂപയും

2006-2007-ൽ 13,85,45,20,000 രൂപയും

2007-2008-ൽ 16,95,17,26,000 രൂപയും

2008-2009-ൽ 18,48,70,19,000 രൂപയും

പ്രോവിഡന്റ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2005 മുതൽ ലഭിച്ച നിക്ഷേപത്തിൽ നിന്ന് പിൻവലിക്കലുകൾ കഴിച്ച് തനിത്തുക ചുവടെ ചേർക്കുന്നു.

2005-2006-ൽ 6,06,89,65,000 രൂപയും

2006-2007-ൽ 6,73,37,83,000 രൂപയും

2007-2008-ൽ 11,26,48,69,000 രൂപയും

2008-2009-ൽ 12,33,31,27,000 രൂപയും

പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപമായിട്ടുണ്ട്.

(ഡി) 2010-11-ലെ ബഡ്ജറ്റ് ഡോക്കുമെന്റ് പ്രകാരം നടപ്പുവർഷം പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ 26,73,71,77,000 രൂപ വരവായി ലഭിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നു.

ശ്രീ. രാജു ജോർജിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

141 (1733) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് റവന്യൂ വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ (എച്ച്.ജി.) ആയി റിട്ടയർ ചെയ്ത ശ്രീ. രാജു ജോർജിന്റെ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ജി.ഒ. (ആർടി) നം.4336/04/ധന തീയതി 23-6-2004 പ്രകാരം അക്കൗണ്ടന്റ് ജനറലിനുതന്നെ തിരിച്ചയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ശ്രീ. രാജു ജോർജിന്റെ ആക്ഷേപം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഈ ആക്ഷേപത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും ശ്രീ. രാജു ജോർജിന് പെൻഷൻ എന്നത്തേക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ശ്രീ. രാജു ജോർജിന്റെ ആക്ഷേപം ലഭിച്ചിട്ടും പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ ഒൻപതു മാസമായി പെൻഷൻ അദ്ദേഹത്തിനു വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണമെന്നുള്ള സർക്കാർ ഉത്തരവുകളുടേയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും ഉത്തരവുകളുടെ ലംഘനമാണിതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly